സ്വകാര്യമേഖലയിലെ വൈദ്യുതി വിതരണം

* 185 [188] ശ്രീ. പി. സീതിഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ വൈദ്യുതി വിതരണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ലൈസൻസികൾ ആരെല്ലാം;

(സി) ഇവ ഏറ്റെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രയെണ്ണം ഏറ്റെടുത്തു കഴിഞ്ഞു;

(ഇ) ബാക്കിയുള്ളവ ഏറ്റെടുക്കുവാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള):

(എ) ഉണ്ട്.

(ബി) മൂന്നാറിലെ ടാറ്റാ ഹൈൽ ലിമിറ്റഡ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, തൃശ്ശൂർ മുനിസിപ്പാലിറ്റി എന്നിവരാണ് ലൈസൻസികൾ.

(സി) ഇല്ല.

(ഡി, ഇ) 'സി'ക്കു നൽകിയിട്ടുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾ പ്രസക്തമല്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

മാവേലി സ്റ്റോറുകൾ

495 [550] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ട് നടത്തുന്ന മാവേലിസ്റ്റോറുകളുടെ എണ്ണം എത്ര;

(ബി) 1985–86 സാമ്പത്തിക വർഷം മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ലാഭകരമായിരുന്നുവോ;

(സി) എങ്കിൽ ലാഭം എത്ര;

(ഡി) നഷ്ടത്തിലായിരുന്നുവെങ്കിൽ ഉണ്ടായ നഷ്ടം എത്ര?

ഉത്തരം

(എ) മൂന്ന് മൊബൈൽ മാവേലി സ്റ്റോറുകളും 10 സൂപ്പർ മാവേലിസ്റ്റോറുകളും ഉൾപ്പെടെ 158 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) എല്ലാ മാവേലിസ്റ്റോറുകളും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

(ഡി) കണക്ക് ആഡിറ്റുചെയ്തു തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും 1985–86-ൽ മൊത്തത്തിലുള്ള നഷ്ടം 60 ലക്ഷം ഉറുപ്പികയോളം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

പിറവത്ത് ഒരു മാവേലിസ്റ്റോർ

496 [551] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്ത് ഒരു മാവേലിസ്റ്റോർ തുടങ്ങണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മാവേലിസ്റ്റോറുകൾ വേണമെന്ന് പല സ്ഥലങ്ങളിൽനിന്നും ആവശ്യപ്പെടാറുണ്ടെങ്കിലും സാമ്പത്തിക ബാദ്ധ്യത കാരണം പുതിയ മാവേലിസ്റ്റോറുകൾ അനുവദിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

മാവേലിസ്റ്റോറുകൾ ഓണം, പെരുന്നാൾ, ക്രിസ്തുമസ് ചന്തകൾ നടത്തിയ വകയിൽ ലാഭം

497 [552] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിസ്റ്റോറുകൾ ഓണം, പെരുന്നാൾ, ക്രിസ്തുമസ് എന്നിവയോടനുബന്ധിച്ചുള്ള ചന്തകൾ—ഇവ നടത്തിയ വകയിൽ 1986 മാർച്ച് 31 വരെ ലഭിച്ച ലാഭം എത്ര;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ലാഭം ഒന്നും ലഭിച്ചിട്ടില്ല; അവ നഷ്ടത്തിലായിരുന്നു.

(ബി) നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ പറയും വിധമാണ്.

1. മാവേലിസ്റ്റോറുകൾ:

1984–85—40 ലക്ഷം രൂപ.
1985–86—60 ലക്ഷം രൂപ.

2. ഓണം, പെരുന്നാൾ ചന്തകൾ:

1984–85—15,64,226 രൂപ.
1985–86—31,30,242 രൂപ.

LIBRARY ARCHIVES Kerala Legislative Assembly